മാർച്ച് 2020

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

125-ാമത് മാരാമൺ കൺവൻഷൻ മംഗളകരമായും അനുഗൃഹീതമായും നടത്തപ്പെടുന്നതിന് ഇടയാക്കിയ ദൈവകൃപയ്ക്കായി സ്തോത്രം ചെയ്യുന്നു. മാരാമൺ കൺവൻഷന്റെ ശതോത്തര രജതജൂബിലിയുടെ ഉദ്ഘാടനവും ഈ കൺവൻഷനിൽ നടന്നു. ഇന്നയോളം അനുഗ്രഹങ്ങളുടെ കൃപാവർഷം ചൊരിഞ്ഞ് മാരാമൺ കൺവൻഷനെയും സഭയെയും സമൂഹത്തെയും വ്യക്തികളെയും കുടുംബങ്ങളെയും അനുഗ്രഹിച്ച് വഴി നടത്തിയ വലിയവനായ ദൈവത്തിന് സ്തുതിസ്തോത്രങ്ങൾ അർപ്പിക്കാം. തക്കസമയത്ത് ദൈവീക നിയോഗത്താൽ ഈ സംവത്സരം ലഭിച്ച ദൂതു വാഹകരായ, Arch Bishop of Perth (Australia) മോസ്റ്റ് റവ. കെയ് മാരീ ഗോഡ്സ്വർത്തി, റൈറ്റ് റവ. ഡോ. ഡിനോ ഗബ്രിയേൽ (സൗത്ത് ആഫ്രിക്ക), റവ. ഡോ. ജോൺ സാമുവേൽ പൊന്നുസ്വാമി (പ്രിൻസിപ്പാൾ, ഗുരുകുൽ ലൂഥറൻ തിയോളജിക്കൽ കോളേജ്, ചെന്നൈ), റവ. ഡോ. മോണോദീപ് ഡാനിയേൽ (സി.എൻ.ഐ., ഡൽഹി) എന്നിവർ തക്കസമയത്ത് തന്നെ എത്തിച്ചേരുന്നതിനും അവരോടൊത്ത് യുവവേദിയുടെയും കുടുംബവേദിയുടെയും യോഗങ്ങൾ തക്കതായ ആളുകളുടെ നേതൃത്വത്തിൽ നടത്തുന്നതിനും ഇടയായത് പ്രത്യേകം പ്രസ്താവ്യമത്രെ. മഴയുടെ പ്രയാസം കൺവൻഷൻ നാളുകളിൽ അനുഭവപ്പെട്ടില്ല. എങ്കിലും രണ്ടു ദിവസം താപനില ഉയർന്നതുമൂലമുള്ള ക്ലേശങ്ങൾ ഉണ്ടായിരുന്നിട്ടുകൂടി വന്നുകൂടിയ ജനസഹസ്രങ്ങളുടെ സാന്നിദ്ധ്യം അഭിനന്ദനാർഹമായിരുന്നു. വിശിഷ്യാ കൺവൻഷന്റെ പാരമ്പര്യത്തിനനുസരിച്ച് അച്ചടക്കത്തോടും, കൃപയോടുകൂടിയും കൺവൻഷൻ നടത്തുന്നതിന് ഇടയായതിൽ സർവ്വശക്തനായ ദൈവത്തെ സ്തുതിക്കുന്നു. ഈ സംവത്സരവും പ്രസംഗകരുടെ ആഗമനത്തിന് സഹായകരമായി കേന്ദ്ര ഗവണ്മെന്റും സംസ്ഥാന ഗവണ്മെന്റും നൽകിയ സഹകരണത്തിന് പ്രത്യേകം കൃതജ്ഞത അറിയിക്കുന്നു. സംസ്ഥാന ഗവണ്മെന്റ് വിവിധ വകുപ്പുകളിൽ കൂടി, നിർലോഭമായ സഹായസഹകരണങ്ങൾ നൽകിയതിനും അഭിനന്ദനം അറിയിക്കുന്നു. കൺവൻഷന്റെ വിവിധ മേഖലകളിൽ സഹകരിച്ച എല്ലാ സന്നദ്ധ പ്രവർത്തകരോടും ഗവണ്മെന്റ് ജീവനക്കാരോടുമുള്ള കടപ്പാട് അറിയിക്കുന്നു.

കാഞ്ഞിരപ്പള്ളി അതിരൂപതയുടെ അദ്ധ്യക്ഷനും നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റിന്റെ പ്രധാന അംഗവുമായിരുന്ന മാർ മാത്യു അറയ്ക്കൽ തിരുമേനി ചുമതലകളിൽ നിന്ന് വിരമിക്കുന്നതിനോടനുബന്ധിച്ചും പുതിയ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിയ്ക്കൽ തിരുമേനിയുടെ സ്ഥാനാരോഹണത്തോടനുബന്ധിച്ചുമുള്ള സമ്മേളനത്തിലും ചങ്ങനാശ്ശേരി അതിരൂപതാ ആർച്ച് ബിഷപ്പ് ആയിരുന്ന മാർ ജോസഫ് പൗവ്വത്തിൽ തിരുമേനിയുടെ നവതിയോടനുബന്ധിച്ച് സംഘടിപ്പിച്ച അനുമോദന സമ്മേളനത്തിലും സംബന്ധിച്ച് അനുഗ്രഹപ്രഭാഷണം നടത്തി. ഇപ്രകാരം സഹോദരീ സഭകളുടെ രണ്ടു മുഖ്യ സമ്മേളനങ്ങളിൽ ഭാഗഭാക്കാകുവാൻ ഇടവന്നതിൽ അതിയായി സന്തോഷിക്കുന്നു.

കവിയൂർ മാർത്തോമ്മാ സെൻട്രൽ സ്കൂളിന് സി.ബി.എസ്.ഇ. അഫിലിയേഷൻ ലഭിച്ചതിൽ അവരെ അനുമോദിക്കുന്നു. കോഴഞ്ചേരി സെന്റ് തോമസ് കോളേജും മലേഷ്യൻ യൂണിവേഴ്സിറ്റിയും റൈറ്റേഴ്സ് അസ്സോസിയേഷൻ ഓഫ് മലേഷ്യയും ചേർന്ന് കോഴഞ്ചേരി സെന്റ് തോമസ് കോളേജിൽ വച്ചു ഒരു ഇന്റർനാഷണൽ സെമിനാർ നടത്തുകയുണ്ടായി. 140 വിദ്യാർത്ഥികൾ ഇതിൽ പങ്കെടുത്തു. അതുപോലെ തിരുവല്ല മാർത്തോമ്മാ കോളേജിൽ വെച്ച് ഇന്ത്യയിലാദ്യമായി സയൻസിലും സോഷ്യൽ സയൻസിലുമായി ഒരു മൾട്ടി ഡിസിപ്ലിനറി കോൺഫറൻസ് നടക്കുകയുണ്ടായി. 60 കോളേജുകളിൽ നിന്നുള്ള പ്രതിനിധികൾ ഇതിൽ പങ്കെടുത്തു.

നാറാണംമൂഴി സെന്റ് തോമസ് മാർത്തോമ്മാ പള്ളിയുടെ പുനർനിർമ്മാണം പൂർത്തീകരിച്ച് കൂദാശ നടത്തി. അതിനെത്തുടർന്ന് വടശ്ശേരിക്കര സെന്റ് ജോൺസ് ഇടവകയുടെ പാഴ്സണേജിന്റെയും കൂദാശ നടത്തി. നിർമ്മാണം പൂർത്തിയായി വരുന്ന കുറ്റാലത്തുള്ള മാർത്തോമ്മാ ബിഷപ്പ്സ് റിട്രീറ്റ് സെന്ററിന്റെ കൂദാശ നിർവ്വഹിക്കുന്നതിന് ഇടയായി. നമ്മുടെ സഭയിലെ എപ്പിസ്കോപ്പാമാർ ഒത്തുചേർന്ന് വാങ്ങിയ സ്ഥലത്ത് സഭയിലെ സുമനസ്സുകളായ അനേകരുടെ സംഭാവനകൾ ഉപയോഗിച്ച് നിർമ്മിതമായ ആ സെന്ററിന്റെ കൂദാശ, മാരാമൺ കൺവൻഷൻ കഴിഞ്ഞതിന്റെ അടുത്ത ദിവസം ഫെബ്രുവരി 17-ാം തീയതി നിർവ്വഹിച്ചു. അവിടെ വച്ച് മാർത്തോമ്മാ സഭാ കൗൺസിലും പിറ്റേ ദിവസം എപ്പിസ്കോപ്പൽ സിനഡും ചേരുകയുണ്ടായി. ഫെബ്രുവരി 18-ാം തീയതി രാവിലെ അവിടെ Main ഹാളിൽ വെച്ച് സഭാ കൗൺസിൽ അംഗങ്ങളോടും എപ്പിസ്കോപ്പൽ സിനഡ് അംഗങ്ങളോടും ചേർന്ന് ഒരു വിശുദ്ധ കുർബ്ബാന ശുശ്രൂഷയും അനുഷ്ഠിച്ചു. ഈ നിർമ്മാണ പ്രവർത്തനങ്ങളിൽ വേണ്ടതായ എല്ലാ പ്രവർത്തനങ്ങളിലും നേതൃത്വം വഹിച്ച കുറ്റാലം സൃഷ്ടി ഗാർഡൻ റിസോർട്ടിന്റെ ഉടമ ശ്രീ. വർഗ്ഗീസിനോടും കുടുംബത്തോടുമുള്ളതായ അഭിനന്ദനവും കടപ്പാടും അറിയിക്കട്ടെ. ഇതിനാവശ്യമായ വിഭവ സമാഹരണത്തിൽ സഹകരിച്ച ഏവരോടുമുള്ള കൃതജ്ഞതയും അറിയിക്കുന്നു. ഈ സെന്റർ ഭാവിയിൽ സെന്റർ കൂട്ടായ്മകളും പട്ടക്കാരുടെ കൂട്ടായ്മകളും ധ്യാനയോഗങ്ങളും നടത്തുന്നതിനും മറ്റും ഉപയുക്തമായ രീതിയിൽ ഉപയോഗിക്കാവുന്നതാണ്. മനോഹരമായ പരിസ്ഥിതിയും വെള്ളച്ചാട്ടത്തിലൂടെ ലഭ്യമാകുന്ന ആരോഗ്യകരമായ അനുഭൂതികളും ആകർഷകവും ഹൃദ്യവുമത്രെ. 20 മുറികളും ഓഫീസ് ഡൈനിംഗ് ഹാൾ, നൂറ്റിയമ്പതോളം പേർക്ക് ഇരിക്കാവുന്ന ഒരു കോൺഫ്രൻസ് ഹാൾ, കിച്ചൻ ഫെസിലിറ്റീസ് ഇവയെല്ലാം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇനിയും ഒരു ലിഫ്റ്റ്, മുറികളിലേക്കാവശ്യമായ എ.സി. യൂണിറ്റ്സ്, ടെലിവിഷൻ സംവിധാനം എന്നിവ ലഭ്യമാക്കേണ്ടതായിട്ടുണ്ട്. ജൂണിലെ അടുത്ത സീസൺ ആകുമ്പോഴേക്കും ഈ സംവിധാനങ്ങളെല്ലാം പൂർത്തീകരിക്കുവാൻ ആഗ്രഹിക്കുന്നു, പ്രതീക്ഷിക്കുന്നു.

ഫെബ്രുവരി മാസം 21 മുതൽ 24 വരെ ആന്ധ്രായിലുള്ള റായൽസീമാ മേഖലയിലെ സഭയുടെ മിഷൻ പ്രവർത്തന കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിന് ഇടയായി. ചെന്നൈ-ബാംഗ്ലൂർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ വളരെ ചിട്ടയോടെ നടത്തപ്പെടുന്ന മൈദക്കൂർ മിഷനിലെ ജ്ഞാനജ്യോതി മാർത്തോമ്മാ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിന്റെ 15-ാമത് വാർഷിക സമ്മേളനത്തിൽ പങ്കെടുത്ത് ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘത്തിന്റെ

ബെഡുവേൽ മിഷൻ സന്ദർശിച്ചു അവിടെയുള്ള ആൺകുട്ടികളുടെ ഹോസ്റ്റൽ സന്ദർശിച്ചു, സുവിശേഷകരോടും, വിദ്യാർത്ഥികളോടും സംവദിച്ചു. മാർത്തോമ്മാ യുവജനസഖ്യത്തിന്റെ 80-ാം വാർഷിക പദ്ധതിയായ കടപ്പായിലുള്ള “സഖ്യം ഗ്രാമം” സന്ദർശിക്കുകയും നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന മിഷൻ സെന്ററിന്റെ പ്രതിഷ്ഠാ ശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്തു. തുടർന്ന് ദുബായ് മാർത്തോമ്മാ ഇടവകയുടെ സുവർണ്ണജൂബിലി പരിപാടികളുടെ ഭാഗമായി ആന്ധ്രായിലെ ഒനിപെണ്ടാ എന്ന സ്ഥലത്ത് ആരംഭിക്കുന്ന മിഷൻ പ്രവർത്തനങ്ങൾ പ്രാർത്ഥനയോടെ സമാരംഭിക്കുന്നതിന് ഇടയായി. 23-ാം തീയതി ഞായറാഴ്ച ചെങ്ങന്നൂർ-മാവേലിക്കര ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നരസാപുരത്ത് നടത്തപ്പെടുന്ന മിഷൻ പ്രവർത്തനങ്ങളുടെ രജത ജൂബിലി സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രസ്തുത മിഷനിൽ നിർമ്മാണം പൂർത്തീകരിച്ച പുതിയ ദൈവാലയത്തിന്റെ കൂദാശാ കർമ്മം അഭിവന്ദ്യരായ റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ്, റൈറ്റ് റവ. തോമസ് മാർ തിമോത്തിയോസ്, റൈറ്റ്. റവ. ഡോ. തോമസ് മാർ തീത്തോസ് എന്നീ തിരുമേനിമാരുടെ സഹ കാർമ്മികത്വത്തിൽ നിർവ്വഹിച്ചു. അതേ തുടർന്ന് തെലുങ്ക് ഭാഷയിൽ നടത്തപ്പെട്ട വിശുദ്ധ കുർബ്ബാന ശുശ്രൂഷയിൽ നൂറുകണക്കിന് തദ്ദേശീയരായ സഭാംഗങ്ങൾ വിവിധ മിഷൻ കേന്ദ്രങ്ങളിൽ നിന്നും പ്രാർത്ഥനാപൂർവ്വം പങ്കെടുത്തത് ഏറെ അനുഗ്രഹപ്രദമായിരുന്നു. ഞായറാഴ്ച വൈകിട്ട് ചാഗലമാരി മിഷൻ സന്ദർശിക്കുവാനും ഇടയായി. മേൽപ്പറയപ്പെട്ട മിഷൻ പ്രവർത്തനങ്ങൾക്കെല്ലാം പ്രേരകശക്തിയായി പ്രവർത്തിച്ച ഡോ. ഒ.യു. ജോർജ്ജിനെയും കുടുംബത്തെയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

തുടർന്ന് കാസർഗോഡു വഴി നാട്ടിൽ മടങ്ങിയെത്തി. കാസർഗോട്ടുള്ള നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആദേശത്തിന് അനുഗ്രഹകരമാകുന്നതോർത്ത് ഏറെ സന്തോഷിക്കുന്നു. ബദിയഡുക്കയിലെ മാർത്തോമ്മാ കോളേജ് ഓഫ് സ്പെഷ്യൽ എഡ്യൂക്കേഷന്റെ പുതിയതായി പണികഴിപ്പിച്ച സെക്കന്റ് ഫ്ളോറിന്റെ കൂദാശ നിർവ്വഹിക്കുന്നതിനും പ്രവേശന കവാടത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നതിനും 16th College Annual day programme ൽ പങ്കെടുക്കുന്നതിനും ഇടയായി.

ഫെബ്രുവരി 28-ാം തീയതി കഴിഞ്ഞ 16 സംവൽസരക്കാലം തിരുവല്ല സെന്റ് തോമസ് റ്റി.റ്റി.ഐ.യുടെ പ്രിൻസിപ്പാളായി സേവനം അനുഷ്ഠിച്ച ശ്രീ. ഷാജി ജോർജ്ജ് സാറിന്റെ റിട്ടയർമെന്റിനോട് ചേർന്നുള്ള സമ്മേളനം അന്നേ ദിവസം നടത്തപ്പെട്ട റ്റി.റ്റി.ഐ.യുടെ വാർഷികത്തോടനുബന്ധിച്ച് ക്രമീകരിക്കപ്പെട്ടു. കേരളത്തിലെ എണ്ണപ്പെട്ട റ്റി.റ്റി.ഐ. കളിൽ ഒന്നായി ഈ ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനെ വളർത്തുന്നതിനും നൂറുകണക്കിന് അദ്ധ്യാപക വിദ്യാർത്ഥികളെ രൂപപ്പെടുത്തി കേരളത്തിന്റെ വിവിധ മേഖലകളിൽ നല്ല അദ്ധ്യാപകരെ നൽകുന്നതിനും ഇടയാക്കിയ സാറിന്റെ സേവനം എന്നും സ്മരണീയവും പ്രശംസാർഹവുമാണ്. സർക്കാർ നിയമം അനുസരിച്ച് സജീവസേവനത്തിൽ നിന്നും വിരമിക്കുന്ന സാറിന്റെ തുടർന്നുള്ള സേവനങ്ങൾ സഭയ്ക്കും സമൂഹത്തിനും അദ്ധ്യാപന മേഖലയ്ക്കും ഒരനുഗ്രഹമായി തുടരട്ടെ എന്ന് ആശംസിക്കുന്നു.

കോഴഞ്ചേരി ചെറുകോൽ മാർത്തോമ്മാ ഐ.റ്റി.ഐ.യുടെ ട്രഷറാറായും സഭയുടെ വിവിധ മേഖലകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകിയും അനുഗൃഹീതമായ ശുശ്രൂഷ നിർവ്വഹിച്ച അയിരൂർ കുരുടാമണ്ണിൽ ശ്രീ. സൈമൺ കൈപ്പള്ളാലിങ്കലിന്റെ ആകസ്മികമായ നിര്യാണം സഭയ്ക്കും സമൂഹത്തിനും ഒരാഘാതം തന്നെയാണുളവാക്കിയിരിക്കുന്നത്. ആകസ്മികമായി ഹൃദ്രോഗ ബാധയിൽ അദ്ദേഹം നമ്മോട് വിട പറഞ്ഞു. 1952 മുതൽ ആലുവ യു.സി. കോളേജിലെ പഠനകാലം മുതൽ ഇന്നെയോളം നമുക്ക് അദ്ദേഹവുമായി ഉണ്ടായിരുന്ന ഹൃദ്യമായ സഖിത്വം ഒരു കാലത്തും വിസ്മരിക്കുവാൻ കഴിയുന്നതല്ല. സന്തപ്ത കുടുംബാംഗങ്ങളോടുള്ള അനുശോചനം അറിയിക്കുന്നു. പ്രാർത്ഥനയുടെ വാഗ്ദാനം നൽകുകയും ചെയ്യുന്നു.

കുറ്റാലത്തുവച്ച് ചേർന്നതായ Episcopal Synodൽ നമ്മുടെ സഭയിലെ സീനിയർ എപ്പിസ്കോപ്പാ ആയിരിക്കുന്ന Rt.Rev.Dr. Geevarghese Mar Theodosius തിരുമേനിയെ സഫ്രഗൻ മെത്രാപ്പോലീത്തായായി നിയമിക്കുന്നതിന് സിനഡിന്റെ ആലോചനയോടുകൂടി തീരുമാനിച്ചു. അദ്ദേഹത്തിന്റെ സ്ഥാനാരോഹണ ശുശ്രൂഷ ഏപ്രിൽ 4-ാം തീയതി കൊല്ലം തേവള്ളി മാർത്തോമ്മാ പള്ളിയിൽ വച്ച് നടത്തുന്നതിനു സിനഡ് തീരുമാനിച്ചു. ഏപ്രിൽ മാസം 1-ാം തീയതി മുതൽ അദ്ദേഹം റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി ചുമതലയേൽക്കുന്നതും, മുംബൈ ഭദ്രാസനത്തിന്റെ ചുമതലയിൽ നിന്നും അദ്ദേഹത്തെ വിടർത്തുന്നതുമായിരിക്കും. അതോടൊപ്പം മറ്റു ചില ചുമതലകളിലും, സ്ഥാനങ്ങളിലും, മാറ്റങ്ങൾ വരുത്തി തീരുമാനം ചെയ്തിട്ടുണ്ട്. ആയത് വിശദമായി സർക്കുലർ കൽപ്പനയായി എല്ലാ ഇടവകകളേയും മാർച്ച് മാസം 15-ാം തീയതിക്കകം അറിയിക്കുന്നതാണ്. Episcopal Synod നുശേഷം ആന്ധ്രായിലും കാസർകോട്ടും സന്ദർശനത്തിനായി പോകേണ്ട തിടുക്കമുണ്ടായിരുന്നതിനാൽ കൽപ്പന അയയ്ക്കുന്നതിന് കാലതാമസം ഉണ്ടായി എന്നുള്ളതും അറിയിച്ചു കൊള്ളുന്നു.

കഴിഞ്ഞ ജനുവരി മാസം 11-ാം തീയതി നാം റമ്പാൻ സ്ഥാനത്തേക്ക് പ്രവേശിച്ചതിന്റെയും, ഫെബ്രുവരി 8-ാം തീയതി എപ്പിസ്കോപ്പൽ സ്ഥാനത്തേക്ക് അഭിഷേകം ചെയ്യപ്പെട്ടതിന്റെയും 45 സംവത്സരങ്ങൾ പൂർത്തിയാക്കി 46-ാം വർഷത്തിലേക്ക് പ്രവേശിച്ചു. അന്നേ ദിവസം എപ്പിസ്കോപ്പൽ സിനഡ് അംഗങ്ങളുടെയും, എസ്.സി. സെമിനാരിയിൽ പ്രവർത്തിക്കുന്നതായ സഭാ പ്രവർത്തകരുടെയും ഒരു ഒത്തുചേരൽ പൂലാത്തീൻ അരമന ചാപ്പലിൽ നടത്തപ്പെടുകയും, വിശുദ്ധ കുർബ്ബാന ശുശ്രൂഷ അനുഷ്ഠിക്കുകയും ചെയ്തു. കഴിഞ്ഞ 45 വർഷക്കാലം കാത്തു പരിപാലിച്ച് നടത്തിയ ദൈവത്തിന് സ്തോത്രം. അനുകൂലതകളിൽ പാളിപ്പോകാതെയും പ്രതികൂലതകളിൽ തളർന്നുപോകാതെയും വഴി നടത്തിയ ദൈവത്തിന് സ്തോത്രം.

മാർച്ച് മാസം വലിയ നോമ്പിന്റെ കാലഘട്ടം നാം അനുസ്മരിക്കുന്നത് നമ്മുടെ കർത്താവിന്റെ ശുശ്രൂഷാ കാലഘട്ടത്തെയാണല്ലോ. ആദ്യത്തെ 25 ദിവസം കർത്താവിന്റെ ദൗത്യത്തെ വിശദീകരിക്കുന്നതും, രണ്ടാമത്തെ കാലഘട്ടം കർത്താവിന്റെ സൗഖ്യദായക ശുശ്രൂഷയിൽ അന്നത്തെ വിശ്വാസ സമൂഹത്തിലുണ്ടായ പ്രതിഷേധങ്ങൾ രൂപപ്പെടുന്നതും വളരുന്നതും കർത്താവിന്റെ കാൽവരിയിലേക്കുള്ള യാത്രയുടെ പാത വെളിപ്പെടുത്തുന്നതും, സ്ഥിരമാനസനായി സുധീരമായ ചുവടുവെയ്പ്പോടെ ഊർശലേമിന്റെ ശുദ്ധീകരണത്തിനുവേണ്ടി ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യുന്നതിന്റെയും വിവിധ ഘട്ടങ്ങളെ അനുസ്മരിക്കുന്നതുമാണ്.

മാർച്ച് 1-ാം ഞായറാഴ്ച്ചത്തെ ധ്യാനത്തിന്റെ പശ്ചാത്തലം, വിശ്വാസത്തോടുകൂടി തന്നെ സമീപിക്കുന്ന ഒരു രോഗിയെ കർത്താവ് സൗഖ്യമാക്കുന്നതത്രെ. തനിക്ക് സമൂഹത്തിലുണ്ടായിരുന്ന മാനുഷീകാവകാശങ്ങൾ നിഷേധിക്കപ്പെടുകയും, ജീവിതത്തിന്റെ ഏകാന്തതയിൽ വേദനപ്പെടുകയും, സമൂഹത്തിൽനിന്ന് പുറന്തള്ളപ്പെട്ടവനായ ഒരു വ്യക്തിയുടെ വേദനയിൽ കരുണയുള്ളവനായിത്തീരുകയും ചെയ്യുന്ന ക്രിസ്തുവിനെയത്രെ നാം ദർശിക്കുന്നത്. എന്നാൽ ഈ കുഷ്ഠരോഗിയുടെ വിശ്വാസം നാം ഓർത്തിരിക്കണം. “നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ സൗഖ്യമാക്കുവാൻ കഴിയും” എന്നതായിരുന്നു അവന്റെ വിശ്വാസം. ദൈവത്തിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണമത്രെ ഇവിടെ വ്യക്തമാകുന്നത്. ‘എനിക്ക് മനസ്സുണ്ട്’ എന്ന് കൽപ്പിച്ചുകൊണ്ട് കുഷ്ഠരോഗിയെ അവൻ ആയിരിക്കുന്ന അവസ്ഥയിൽ സ്പർശിച്ച് അംഗീകരിച്ച് ‘എനിക്ക് മനസ്സുണ്ട് സൗഖ്യമാകുക’ എന്ന് യേശു കൽപിച്ചപ്പോൾ അവന് സൗഖ്യം വന്നു. ഇനി നീ പോയി സമൂഹത്തിൽ അംഗീകാരം നേടുന്നതിന് വേണ്ടതായ

കാര്യങ്ങൾ ചെയ്യുക എന്നുള്ള നിഷ്കർഷയോടെ അവനെ പറഞ്ഞയച്ചു.

രണ്ടാം ഞായറാഴ്ച നാം ചിന്തിക്കുന്നത് ഒരു ദേശത്ത് ദീർഘനാളുകൾ ഏകാന്തതയിൽ വേദനപ്പെട്ടുകഴിയുന്ന ഒരു പക്ഷവാതക്കാരന്റെ ചരിത്രമത്രെ. ഇങ്ങനെയുള്ള രോഗം വരുന്നതൊക്കെയും പാപത്തിന്റെ ഫലമായുണ്ടാകുന്ന ദൈവകോപമാകുന്നുവെന്ന് ചിന്തിച്ചുകൊണ്ടിരുന്ന ഒരു സമൂഹത്തിന്റെ മദ്ധ്യേ കണ്ണുതുറപ്പിക്കുന്ന ഒരു യാഥാർത്ഥ്യമാകുന്നു ഈ സംഭവത്തിൽ നാം കാണുന്നത്. ആ നാട്ടിലെ നാലു ചെറുപ്പക്കാർ ഈ മനുഷ്യന്റെ പരിതാപകരമായ അവസ്ഥയെക്കുറിച്ച് അവബോധമുള്ളവരായിത്തീർന്നപ്പോൾ അവർ തീരുമാനിച്ചു.-നസറായനായ യേശുവിന്റെ മുമ്പിൽ അവനെ ഇറക്കിവയ്ക്കുക എന്ന്. ചുമന്നുകൊണ്ട് പോയ വ്യക്തിക്കുവേണ്ടി അവർ ഐക്യദാർഢ്യതയോടെ പ്രവർത്തിച്ചു. വൈതരണികൾ പലത് ഉണ്ടായിരുന്നുവെങ്കിലും അവയെ എല്ലാം അതിജീവിച്ച് യേശുവിന്റെ മുമ്പിൽ ഇറക്കി വച്ചത് ഒരു വലിയ ജനസമൂഹത്തെ സാക്ഷി നിർത്തിയായിരുന്നു. അപ്പോൾ കർത്താവ് പറഞ്ഞത് ശ്രദ്ധേയമാണ്. പക്ഷവാതക്കാരനോട് അനുതാപത്തിന് ആവശ്യപ്പെടുകയല്ല ചെയ്തത്. ആ പക്ഷവാതക്കാരന്റെ അവസ്ഥയെ അറിയാവുന്ന കർത്താവ് അവനോട്, "മകനെ നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു." എന്നു പറഞ്ഞു. അപ്പോൾ പറയുന്നതാണോ പ്രവർത്തിക്കുന്നതാണോ ഏറെ ഉചിതമെന്നു വെളിവാക്കുവാൻ പക്ഷവാതക്കാരനോട്, "എഴുന്നേറ്റു കിടക്ക എടുത്തു വീട്ടിലേക്കു പോക എന്നു ഞാൻ നിന്നോടു പറയുന്നു" എന്നു പറഞ്ഞു. അവന് സൗഖ്യം വന്നു, അവൻ ശക്തി ധരിച്ചു, കിടക്ക എടുത്തുംകൊണ്ട് ജനസമൂഹം കാൺകെ നടന്നു. ഏവരോടും ക്ഷമിക്കുന്നവനായ ക്രിസ്തു പക്ഷവാതക്കാരന്റെ അനുതാപത്തിന്റെ അളവല്ല ആരാഞ്ഞത്, പിന്നെയോ അവനെ ചുമന്നുകൊണ്ടുവന്നവരുടെ വിശ്വാസം കണ്ടിട്ടത്രെ അവന്റെ പാപങ്ങൾ ക്ഷമിച്ച് അവനെ സൗഖ്യമാക്കിയതെന്ന് ഓർക്കണം. ആയത് ഇക്കാലഘട്ടത്തിൽ വിശ്വാസ സമൂഹത്തിന്റെ ഉത്തരവാദിത്വത്തെ ശക്തിമത്തായി വെളിപ്പെടുത്തുന്ന ഒരു അനുഭവവും അതിനായുള്ള ആഹ്വാനവും അത്രേ.

3-ാം ഞായറാഴ്ച നാം ചിന്തിക്കുന്നത് ഒരു പുറജാതിക്കാരത്തിയുടെ മകൾക്ക് സൗഖ്യം വന്നതായ സംഭവമത്രെ. ആ സ്ത്രീ ഒരു തെറ്റിദ്ധാരണയോടുകൂടിയാണ് പ്രാർത്ഥന ആരംഭിച്ചത്. "കർത്താവേ ദാവീദ് പുത്രാ, എന്നോടു കരുണ തോന്നേണമേ" എന്ന്. അവൾ വിചാരിച്ചു. തന്റേതല്ലാത്തതായുള്ള ഭാഷയും ആശയവും ഉൾക്കൊള്ളുന്ന ഒരു വിശ്വാസ പ്രഖ്യാപനത്തിലൂടെ അവൾ തന്നെതന്നെ മറച്ചുവച്ച് ആകുന്നുവല്ലോ പ്രാർത്ഥിച്ചത്. യേശു അവളോട് ക്രൂരമായി പ്രതികരിച്ചു മക്കൾക്കല്ലാതെ താൻ യാതൊന്നും കൊണ്ടുവന്നിട്ടില്ല യേശുവിന്റെ പ്രഖ്യാപനം ആ സ്ത്രീയെ സത്യാന്വേഷണത്തിലൂടെ യാഥാർത്ഥ്യത്തെ കണ്ടെത്തുവാൻ സഹായിച്ചു. അവൾ ആൾക്കൂട്ടത്തിൽനിന്നും പുറത്തുവന്നു തന്റെ വ്യക്തിത്വം വെളിപ്പെടുത്തി. തന്റെ പ്രാർത്ഥന തിരുത്തി. തന്റേതായ ഭാഷയിൽ അവൾ പ്രാർത്ഥിച്ചു. "കുറിയേലായിസ്സോൻ"-"കർത്താവേ എന്നോട് കരുണ തോന്നേണമേ" തന്റെ സ്വത്വം മറച്ചുവയ്ക്കുന്നതായ ശൈലി അവൾ ഉപേക്ഷിച്ചു. യേശു അവളെ സംബോധന ചെയ്യുന്നത് താൻ തന്റെ സ്വന്തം അമ്മയെ ആദരപൂർവ്വം സംബോധന ചെയ്യുന്ന അതേ ഭാഷാ പ്രയോഗത്തിലാണ്. സാർവ്വത്രീകമായിരിക്കുന്ന സ്വീകരണതയിൽ ഉറച്ചുനിൽക്കുന്ന ക്രിസ്തുവിന്റെ മനസ്സാണ് ഇവിടെ വെളിപ്പെടുന്നത്.

4-ാം ഞായറാഴ്ച നാം കാണുന്ന കൂനിയായോരു സ്ത്രീ ഒരാരാധനാ സമൂഹത്തിൽ ഇരുന്നുകൊണ്ട് പ്രാർത്ഥിക്കുന്ന ചിത്രമത്രെ. യേശുവിന്റെ സാന്നിദ്ധ്യം അവൾ തിരിച്ചറിഞ്ഞിട്ടും തന്റെ രോഗസൗഖ്യത്തിനുവേണ്ടി അവൾ പ്രാർത്ഥിക്കുന്നില്ല. അവളോടൊത്ത് ആരാധിക്കുന്ന, അവൾക്ക് പരിഗണനകൾ നൽകേണ്ട സമൂഹവും യേശുവിനോട് അവളുടെ സൗഖ്യത്തിനുവേണ്ടി ആവശ്യപ്പെടുന്നില്ല.-അപരന്റെ ആവശ്യത്തെക്കുറിച്ച് നിസ്സംഗത പുലർത്തുന്ന ഒരു സമൂഹം. യേശുവിനത് സഹിക്കുവാൻ കഴിഞ്ഞില്ല. ആ സ്ത്രീയെ വിളിച്ച്, "നിനക്ക് എന്ത് വേണ"മെന്ന് ചോദിക്കപോലും ചെയ്യാതെ യേശു അവളെ സൗഖ്യമാക്കി. കൂനിയായ സ്ത്രീ നിവിർന്നു നിന്നു. കൂനിയായിരുന്നപ്പോൾ അവൾക്കുണ്ടായിരുന്ന പരിമിതമായ ദൃശ്യപരിധിയിൽനിന്ന് അവൾ വിമുക്തയായി സമ്പൂർണ്ണമായ ദൃശ്യപരിധിയിലേക്ക് അവളുടെ കാഴ്ച ഉയർത്തപ്പെട്ടു. ഇതത്രെ വീണ്ടെടുക്കുന്ന ക്രിസ്തുവിന്റെ ദൗത്യം. പരിപൂർണ്ണമായുള്ള ദർശന വ്യാപ്തി നൽകുന്ന ക്രിസ്തുവിന്റെ സ്നേഹമാണ് അവളെ നിവിർന്നു നിൽക്കുവാൻ പ്രേരിപ്പിച്ചത്. പക്ഷെങ്കിൽ പിന്നീട് സംഭവിച്ചതെന്ത്? വിശ്വാസ സമൂഹം എതിർപ്പ് ആദ്യമായി പ്രകടിപ്പിക്കുന്നു. സൗഖ്യം വരുത്തുവാൻ മറ്റു ദിവസങ്ങളുണ്ടല്ലോ? ഇതിവിടെ ഈ ദിവസം നടക്കേണ്ടതല്ല എന്ന മട്ടിലുള്ള പ്രതികരണമായിരുന്നു അവരുടെ ഭാഗത്തുനിന്നുമുണ്ടായത്. പള്ളിപ്രമാണി ജനത്തെ ശാസിക്കുകപോലും ചെയ്തു. ഇതല്ലേ ഇന്നും പലപ്പോഴും വിശ്വാസ സമൂഹത്തിന്റെ പ്രതികരണമായി പല സന്ദർഭങ്ങളിലും പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നത്?

എന്നാൽ 5-ാം ഞായറാഴ്ചയിലേക്ക് നാം വരുമ്പോൾ കർത്താവ് ദൃഢനിശ്ചയത്തോടുകൂടി പ്രതികൂലതകളെ അതിജീവിച്ച് ഊർശലേമിലേക്ക് യെരീഹോവിൽനിന്ന് യാത്ര പുറപ്പെട്ടു. മാർഗ്ഗമദ്ധ്യേ കുരുടനായോരു മനുഷ്യൻ വഴിയിൽ ഇരുന്നുകൊണ്ട് പരുപരുത്ത ശബ്ദത്തിൽ നിലവിളിച്ചു. "ദാവീദുപുത്രാ, യേശുവേ എന്നോടു കരുണ തോന്നേണമേ" എന്നാണ് സ്വജാതീയനായ ആ കുരുടൻ നിലവിളിച്ചത്. കൂടെയുള്ള യാളുകൾക്ക് ആ കുരുടൻ സുപരിചിതനാണ്. അവന്റെയും അവന്റെ പിതാവിന്റെയും പേര് അവർക്കറിയാം. എന്നാൽ മുമ്പു സൂചിപ്പിച്ച ആ കനാന്യ സ്ത്രീയുടെ കാര്യത്തിൽ പേരുപോലും അറിയത്തില്ലായിരുന്നു, കുടുംബ പശ്ചാത്തലവും അറിയാൻ പാടില്ലായിരുന്നു എന്ന യാഥാർത്ഥ്യം നാം ഓർക്കേണ്ടതത്രേ. ജനക്കൂട്ടം മിണ്ടാതിരിപ്പാൻ ആ കുരുടനെ ശാസിച്ചു. അവൻ തന്റെ പ്രാർത്ഥന തിരുത്തി, "ദാവീദുപുത്രാ, എന്നോട് കരുണ തോന്നേണമേ" എന്ന് നിലവിളിച്ചു. തന്റെ വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് ആദ്യം സൗഖ്യം പ്രാപിച്ച കുഷ്ഠരോഗിയെപ്പോലെ മശിഹായെ എന്നോട് കരുണ തോന്നേണമേ എന്ന് അവൻ പ്രാർത്ഥിച്ചു. ആ വിശ്വാസത്തെ കർത്താവ് അംഗീകരിച്ചു അവനെ സൗഖ്യമാക്കി. ദർശന ശക്തിയില്ലാത്തവർക്ക് ദർശന ശക്തി വീണ്ടെടുത്തു കൊടുക്കുന്ന കർത്താവിന്റെ സ്നേഹം അവിടെ വെളിപ്പെട്ടു. ആയതിനുശേഷം പീഡാനുഭവവാരത്തിന്റെ ധ്യാനങ്ങളിലേക്ക് നാം പ്രവേശിക്കുകയാണ് ഈ അഞ്ചു സംഭവങ്ങളുടെ പശ്ചാത്തലത്തിൽ നാം നമ്മെത്തന്നെ ശോധന ചെയ്തുകൊണ്ട് നമ്മുടെ വലിയ നോമ്പ് അവസാനിപ്പിക്കാം. പീഡാനുഭവ വാരത്തിന്റെ ധന്യതയിലേക്ക്, നമുക്ക് പ്രവേശിക്കാനൊരുങ്ങാം.

നമുക്ക് നഷ്ടപ്പെട്ടതു സകലവും വീണ്ടെടുത്ത് മാനവികതയുടെ പൂർണ്ണതയിലേക്ക് മനുഷ്യസമൂഹത്തെ നടത്തുന്ന ക്രിസ്തുവിന്റെ വീണ്ടെടുപ്പിന്റെ സ്നേഹമാകുന്നുവല്ലോ നോമ്പിൽ നമ്മെ രൂപാന്തരത്തിനായി ആഹ്വാനം ചെയ്യുന്നത്. നാം ക്രിസ്തുയേശുവിൽ പുതിയ സൃഷ്ടിയാകുന്നുവെന്ന ധൈര്യത്തോടുകൂടി നോമ്പാചരണത്തിന്റെ അവസാനഘട്ടത്തിലേക്ക് പ്രവേശിക്കുവാൻ തക്കവണ്ണം ദൈവം നമ്മെ ശക്തീകരിക്കട്ടെ.

"എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിലും മതിയാകുന്നു" (ഫിലി. 4:13).

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ



പുലാത്തീൻ, തിരുവല്ല
28-02-2020

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**